പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2090 23.03.2012 ൽ മറുപടിയ്ക്ക്

പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട ബി.പി.എൽ.കാർക്ക് വൈദ്യുതി കണക്ഷൻ

**ചോദ്യം**

ശ്രീ.ബി.സത്യൻ

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ബി.പി.എൽ.കാർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് പോസ്റ്റുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ & സൗജന്യമാണോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ഉണ്ടായിരുന്ന സൗജന്യം ഇപ്പോഴും തുടരുന്നുവോ ; വ്യക്തമാക്കാമോ ;

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ബഹു കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും, 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടണപ്രദേശത്ത് ആർ.എ.പിഡി.ആർ.പി പദ്ധതിയിലും ഗ്രാമപ്രദേശങ്ങളിൽ ആർ.ജി.ജി.വി.വൈ പദ്ധതിയിലും

വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവർത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. വടക്കൻ ജില്ലകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ആർ.ജി.ജി.വി.വൈ പദ്ധതി സെപ്റ്റംബർ 2012 ൽ തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്. തെക്കൻ ജില്ലകളിൽകൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിൽ നടപ്പാക്കി വരികയാണ്.

കൂടാതെ, എം.പി, എം.എൽ.എ ഫണ്ട്, തദ്ദേശ സ്വയംഭരണ-സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ട് ഇവ ഉപയോഗിച്ചും സർവീസ് കണക്ഷൻ നൽകാൻ വേണ്ടി ലൈൻ നീട്ടൽ പ്രവർത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത വിഭാഗക്കാർക്ക് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ